# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82 — 07.02.2013 ൽ മറുപടിക്ക്

## 108 ആംബുലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>,, എ. ടി. ജോർജ്<br>,, സി. പി. മുഹമ്മദ്<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 108 ആംബുലൻസ് ശൃംഖല സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) 108 ആംബുലൻസ് ശൃംഖല സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേയ്ക്കായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു താൽപര്യ പത്രം (Expression of Inerest) ക്ഷണിക്കുകയുണ്ടായി. ഇതിൽ പങ്കെടുത്തവരിൽ യോഗ്യത ഉള്ളവരെ ഉൾപ്പെടുത്തി ഒരു ആർ.എഫ്.പി. (RFP – Request for proposal) വഴി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ഓപ്പറേറ്ററെ തിരഞ്ഞെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആംബുലൻസ് സർവ്വീസുകൾക്ക് ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM) മുഖേന രണ്ടുതരത്തിലുള്ള സഹായമാണ് ലഭിക്കുന്നത്.<br>**ക്യാപ്പിറ്റൽ കോസ്റ്റ്:**<br>ഇത് വാഹനങ്ങൾ വാങ്ങുവാനും, കൺട്രോൾ റൂം തയ്യാറാക്കുവാനും ഉള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ കൺട്രോൾ റൂം തയ്യാറാക്കുവാനായി കേന്ദ്രഫണ്ടിൽ നിന്നും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം 2.5 കോടി രൂപ 2009-10 ൽ പ്രോജക്ട് ഇംപ്ലിമെന്റ് പ്ലാനിൽ (Project Implement Plan) ഉൾപ്പെടുത്തി ലഭ്യമാക്കുകയുണ്ടായി. കെംപ് (Kerala Emergency Medical Project) ന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഉള്ള കൺട്രോൾ റൂം ബാക്കി ജില്ലകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുവാനായി 2011-12 ലെ പ്രോജക്ട് ഇംപ്ലിമെന്റ് പ്ലാനിൽ കേന്ദ്രഫണ്ടിൽ നിന്നും 5.09 കോടി രൂപ അനുവദിക്കുകയുണ്ടായി. |

| | | |
|---|---|---|
| | | **ഓപ്പറേറ്റിംഗ് കോസ്റ്റ്:**<br>ഇതിൽ വാഹനങ്ങളുടെ പ്രവർത്തന ചെലവുകൾക്കായി ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും ആദ്യ വർഷം ആകെ ചെലവിന്റെ 60% ഉം, രണ്ടാം വർഷം 40%ഉം, മൂന്നാം വർഷം 20%ഉം ലഭിക്കുന്നതാണ്. എന്നാൽ നാലാം വർഷം മുതൽ ഒരു വാഹനത്തിന് ഒരു വർഷത്തേക്ക് പരമാവധി മൂന്നു ലക്ഷം രൂപ വരെ മാത്രമെ കേന്ദ്രത്തിൽ നിന്നും അനുവദിക്കുകയുള്ളൂ. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി ആദ്യ വർഷം പ്രവർത്തന ചെലവുകളുടെ 40%ഉം, രണ്ടാം വർഷം 60%ഉം, മൂന്നാം വർഷം 80%ഉം നാലാം വർഷം മുതൽ കേന്ദ്ര വിഹിതത്തിന്റെ ബാക്കിയും വഹിക്കേണ്ടതായുണ്ട്. |
| (സി) | ഈ ആംബുലൻസുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (സി) ഈ ആംബുലൻസുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ആധുനിക സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്